മറ്റൊരു ഭാഗത്ത്. മലബാറിലാണ് ഇത് ഏറ്റവും കൂടുതലുള്ളത്. അത്തരം ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പരിപാടികൾ ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സപ്ലിമെന്ററി ഡിമാന്റ്സിൽ തന്നെ ഒരു കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി മാറ്റിവച്ചത് അത്തരം ക്ഷേത്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ്. പിന്നെ പേരിൽ നിന്നും ജാതിപ്പേരു മാറ്റിയ ആളുകളാണ് കൂടുതൽ സാമുദായികവാദികളായി വന്നത്. എന്റെ പേരിൽ ആദ്യം മുതലേയുണ്ട്. എല്ലാവരും അത് ഉപയോഗിക്കാറില്ല.

മി. സ്പീക്കർ : യേസ്, ചോദ്യം 528.

2 (*528) സർക്കാരിന്റെ കടബാധ്യതയ്ക്ക് പരിധി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ കടബാധ്യത 1999 മാർച്ച് വരെ എത്രയാണ്;

(ബി) ഈ തുകയിൽ ഉൾപ്പെടുന്ന ഇനങ്ങൾ ഏതെല്ലാമാണ്;

(സി) ഓരോ ഇനത്തിലും എന്തു തുക വീതം ഉണ്ട്;

(ഡി) കടം വാങ്ങുന്നതിന് ഏതെങ്കിലും പരിധി നിർണ്ണയിച്ചിട്ടുണ്ടോ;

(ഇ) കടബാദ്ധ്യതക്ക് പരിധി നിർണ്ണയിക്കുന്ന നിയമം വേണമെന്ന ഭരണഘടനാ നിബന്ധന പാലിക്കുമോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭിച്ച കണക്കുകൾപ്രകാരം 1998 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 14,471.71 കോടി രൂപ.

(ബി) ഈ കണക്കുകളിലെ തരംതിരിവ് പ്രകാരം ഈ തുകയിൽ ഉൾപ്പെടുന്ന ഇനങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തരകടം

(1) സംസ്ഥാന വികസന വായ്പ, എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവ ഇതിൽപ്പെടുന്നു.

(2) കേന്ദ്രത്തിൽനിന്നുള്ള വായ്പകളും മുൻകൂറുകളും.

(3) പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യപദ്ധതി, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, മുതലായവ ഉൾപ്പെടുന്ന 'ഐ' വിഭാഗം

(4) റിസർവ് ഫണ്ടുകൾ ഉൾപ്പെടുന്ന 'ജെ' വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

(5) ലോക്കൽ ഫണ്ട് നിക്ഷേപം, സിവിൽ നിക്ഷേപം, സിവിൽ മുൻകൂറുകൾ മുതലായവ ഉൾപ്പെടുന്ന 'കെ' വിഭാഗം.

(സി)	1.	സംസ്ഥാനത്തിന്റെ ആഭ്യന്തര കടം	3585.12 കോടിരൂപ
	2.	കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും	4090.51 കോടിരൂപ
	3.	'ഐ' ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് മുതലായവ	4292.51 കോടിരൂപ.
	4.	'ജെ' കരുതൽ ഫണ്ടുകൾ	58.90 കോടി രൂപ
	5.	'കെ' നിക്ഷേപങ്ങളും മുൻകൂറുകളും	1544.67 കോടിരൂപ

(ഡി) ഇല്ല.

(ഇ) ഭരണഘടനയിലെ അനുച്ഛേദം 292-ഉം 293(1) ഉം അനുസരിച്ച് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും കടം വാങ്ങുന്നതിനുള്ള പരിധി നിയമംമൂലം നിർണ്ണയിക്കാവുന്നതാണ്. എന്നാൽ ഇത്തരം പരിധി നിർണ്ണയിച്ചിരിക്കണമെന്ന് നിർബന്ധിക്കപ്പെട്ടിട്ടില്ല.

(എഫ്) കാലാകാലങ്ങളിൽ കേന്ദ്രവും സംസ്ഥാനവും ഭരിച്ചിരുന്ന സർക്കാരുകൾ ഈ പരിധി നിയമംമൂലം നിർണ്ണയിച്ചിരുന്നില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, നമ്മുടെ സംസ്ഥാനം കടം വാങ്ങിയിട്ടുള്ള 14471.71 കോടിരൂപ ഏതെല്ലാം കാലയളവിലാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ കടംവാങ്ങുന്ന സംഖ്യ ഏതെല്ലാം ഇനങ്ങൾക്ക് ഉപയോഗിക്കാമെന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേകിച്ച് നിഷ്ക്കർഷതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇതിൽ 14471.71 കോടി രൂപ എന്നു പറയുന്നത് 1997-98 സാമ്പത്തികവർഷംവരെയുള്ള സഞ്ചിത കടമാണ്, ക്യുമുലേറ്റീവ് ഡെറ്റ് ആണ്. ഇയർവൈസ് ആയിട്ട് അതിന്റെ കണക്ക് വേണമെങ്കിൽ പറഞ്ഞുതരാം.

മിസ്റ്റർ സ്പീക്കർ : അങ്ങ് വായിച്ച ആൻസറിൽ ഉണ്ടെങ്കിൽ അതു പിന്നെ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

ശ്രീ. ടി. ശിവദാസമേനോൻ : എങ്ങിനെയാണ് ഈ കടം വന്നതെന്നാണ് ചോദിക്കുന്നത്. 1991 മാർച്ച് 31-ലെ സംസ്ഥാന കടബാധ്യത 4965.14 കോടിരൂപ. 1991 മാർച്ച് മുതൽ 1996 മാർച്ച് 31 വരെ ആയപ്പോൾ കടബാധ്യത 4965 കോടിരൂപയിൽ നിന്നും 10,668.95 കോടിരൂപയായി ഉയർന്നു. പിന്നെ 1998 മാർച്ച് 31 വരെയുള്ള കടം 14,471.71 കോടിരൂപ. ഇത് അങ്ങനെ സഞ്ചിതമായി വരുന്ന കടമാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : കടബാധ്യതയ്ക്ക് പരിധി നിർണ്ണയിക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടില്ലായെന്ന് ഇവിടെ ഉത്തരത്തിൽ പറഞ്ഞു. 1998 മാർച്ച് 31 വരെയുള്ള പൊതുകടം 14,471.71 കോടി രൂപയാണെന്നും പറഞ്ഞു. എന്നാൽ ഈ കടംവാങ്ങിയത് 1991 മുതലാണെന്നത് ഒന്ന് വ്യക്തമാക്കാൻ കഴിയുമോ; 1991 മുതൽ ഇതേവരെ അതിൽ നിന്ന് എത്രസംഖ്യ തിരിച്ചടച്ചിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇപ്പോഴത്തെ റിമെയിനിംഗ് ബാലൻസാണ് ഇവിടെ ഞാൻ നേരത്തെ തന്നെ പറഞ്ഞത്. തിരിച്ചടച്ചാൽ പിന്നെ കടമുണ്ടാകുമോ? ഇതിൽ തിരിച്ചടച്ച് കഴിഞ്ഞ് ബാക്കിയുള്ളതാണല്ലോ കടം. അതല്ലാതെ ഓരോ കൊല്ലവും തിരിച്ചടച്ച രൂപയുടെ കണക്ക് പറയാൻ അതിന്റെ ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കൈയിലില്ല. കടം വാങ്ങുമ്പോൾ അതിന്റെ തിരിച്ചടവും വരും. ഈ സംസ്ഥാന സർക്കാരിന്റെ മൊത്തം കടബാധ്യതയിൽ മുകളിൽ പറഞ്ഞിട്ടുള്ള അഞ്ച് ഇനങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ, ഈ അഞ്ചിനങ്ങളിൽ ആഭ്യന്തരകടം എന്നുള്ളതിൽ വരും. പക്ഷേ കേന്ദ്രസർക്കാരിൽ നിന്നുള്ള പ്ലാൻ വായ്പ അതും ഇപ്പോൾ ഈ കടത്തിൽപ്പെടും. ആ പ്ലാൻ വായ്പ ഗാഡ്ഗിൽ ഫോർമുല പ്രകാരം നിശ്ചയിച്ചിട്ടുതരുന്ന അഡ്വാൻസസ് ആണ്. ഇത് പദ്ധതിച്ചെലവിന്റെ നടത്തിപ്പിനായി കേന്ദ്രം തരുന്നതാണ്. അത് കേന്ദ്രത്തിൽനിന്ന് കിട്ടുന്നതാണ്. പിന്നെ സർക്കാരിൽനിന്ന് ലഭിക്കുന്ന നോൺ-പ്ലാൻ വായ്പ പ്രധാനമായും ലഘുസമ്പാദ്യപദ്ധതി പിരിവിന്റെ വിഹിതമാണ്. രണ്ടും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതല്ല. ഇത് രണ്ടും നിയന്ത്രിക്കുന്നത് കേന്ദ്രമാണ്. എന്നാൽ ഇത് കടത്തിൽ ശരിക്ക് പെടില്ല. പക്ഷേ അത് നമ്മൾ കടമായിട്ട് തന്നെ കണക്കാക്കും. ഇതൊക്കെ പ്രോവിഡന്റ് ഫണ്ട്, ട്രഷറി ലഘു സമ്പാദ്യപദ്ധതി, മറ്റ് പെൻഷൻ ഫണ്ടുകൾ, ഇൻഷ്വറൻസ് ഫണ്ടുകൾ, തേയ്മാന ഫണ്ടുകൾ, സിവിൽ ഡെപ്പോസിറ്റ്സ്, റെവന്യൂ ഡെപ്പോസിറ്റ്സ്, ലോക്കൽ ഫണ്ട് ഡെപ്പോസിറ്റ്സ് എന്നിവ അക്കൗണ്ടിൽ ബാക്കിനിൽക്കുന്ന ബാധ്യത സർക്കാർ നിയന്ത്രണത്തിലുള്ള കടമെടുപ്പേ അല്ല. അത് അക്കൗണ്ട് ബാക്കിവയ്ക്കലാണ്. ഈ ഇനങ്ങളിൽപ്പെടുന്ന ബാധ്യതകൾ കടമായി കണക്കാക്കുന്നതിനുപകരം മറ്റ് കടബാധ്യതകളായി മാത്രമേ കണക്കാക്കുകയുള്ളൂ. പിന്നെ പരിധി നിർണ്ണയിച്ചിട്ടില്ലായെന്ന് ഞാൻ പറഞ്ഞല്ലോ, കടപരിധി നിർണ്ണയിക്കുന്നതിനെക്കുറിച്ച് ഭരണഘടനയിലെ അനുച്ഛേദം 292-ൽ എന്താണ് പറയുന്നത്...

(292) "The Executive Power of the Union extends to borrowing upon the security of the Consolidated Fund of India within such limits, if any, as may from time to time be fixed by Parliament by law and to the giving of guarantees within such limits, if any,....." പാർലമെന്റ് ഉണ്ടാക്കണം. if any, പാർലമെന്റിന് വേണമെങ്കിൽ ഉണ്ടാക്കാം. (293) Borrowing by States-നെ കുറിച്ചാണ് പറയുന്നത്. 292-സെൻട്രൽ ഗവൺമെന്റിന്റെ കടംവാങ്ങലിനെക്കുറിച്ചാണ് പറയുന്നത്.

(292) Borrowing by States അതിൽ..... "Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such a State...."

അപ്പോൾ കേന്ദ്രത്തിൽ പാർലമെന്റ് ..... from time to time ഫിക്സ് ചെയ്യുന്നത് ലിമിറ്റ് വേണമെങ്കിൽ if any, സ്റ്റേറ്റിൽ. പക്ഷേ പാർലമെന്റിൽ ഫിക്സ് ചെയ്തിട്ടില്ല. അപ്പർ ബോറോയിംഗ് ലിമിറ്റ് ഫിക്സ് ചെയ്തിട്ടില്ല. അപ്പർ ബോറോയിംഗ് ലിമിറ്റ് ഫിക്സ് ചെയ്താൽ പിന്നെ അതൊരു വലിയ മെറ്റീരിയൽ ഇല്ല. സ്റ്റേറ്റുകളിൽ കടം വാങ്ങുന്നതിനുള്ള ലിമിറ്റ് ഫിക്സ് ചെയ്തിട്ടില്ല. ഭരണഘടനയിൽ അങ്ങനെയൊരു പ്രൊവിഷനുണ്ട് എന്നുമാത്രമേയുള്ളൂ. if any, നമുക്ക് വേണമെങ്കിൽ ഈ ലെജിസ്ലേച്ചറിന് ഇത്രവരെ

പരിധിയിലേ കടംവാങ്ങാൻ പാടുള്ളൂ ഈ ഗവൺമെന്റ് എന്ന് തീരുമാനിക്കാൻ അധികാരമുണ്ട്. അതുപോലെ തന്നെ പാർലമെന്റിന് അവിടെയും അതിന്റെ ലിമിറ്റ് ഫിക്സ് ചെയ്യാനുള്ള അധികാരമുണ്ട്. എന്നാൽ മാറിമാറി സെൻട്രലും സ്റ്റേറ്റും ഭരിച്ച ഗവൺമെന്റുകളൊന്നും തന്നെ കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ കടംവാങ്ങലിന് പരിധി നിർണ്ണയിച്ചിട്ടില്ല. കടം വാങ്ങുന്നതിനുള്ള പരിധി നിർണ്ണയിക്കാൻവേണ്ട യാതൊരു ഇനിഷ്യേറ്റീവ്സും എടുത്തിട്ടില്ല. അത് എടുക്കാതിരിക്കാൻ..... They have got their own business.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ 1991-ലെ പൊതുക്കടത്തിന്റെ കണക്ക് പറഞ്ഞു. 1996-ലെയും കണക്ക് പറയുകയുണ്ടായി. അത് ഈ സഭയിൽ 7-7-99-ന് നക്ഷത്രചിഹ്നമിടാത്ത 1734-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയിൽ അക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്പോൾ 1991 മുതൽ ഇപ്പോൾ 1998-99 കാലഘട്ടം വരെയുള്ള ആകെ കടത്തിന്റെ കണക്ക് 14,471.71 കോടിരൂപയാണെന്ന് പറഞ്ഞു. ഈ നിലയ്ക്ക് ഇങ്ങനെ ക്രമാതീതമായി കടബാധ്യത വർദ്ധിച്ചാൽ രണ്ടായിരാമാണ്ടോടുകൂടി ഈ സംസ്ഥാനത്തെ പൊതുകടം 20,000 കോടി ഉറുപ്പികയാവില്ലേ? അത് നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് മുൻകൂട്ടിക്കണ്ടുകൊണ്ട് വേണ്ട നടപടി സ്വീകരിക്കുമോ? എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നുകൂടി പറയുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് രണ്ടായിരമാകുമ്പോഴേക്കും പൊതുകടം എത്രയാകുമെന്നാണ്. അതിപ്പോൾ പ്രെഡിക്റ്റ് ചെയ്യാൻ കഴിയുകയില്ല. ഈ തോതിലാണ് പോകുന്നതെങ്കിൽ ഇവിടെ പറഞ്ഞ ഈ സംഖ്യ വരാം. അത് കണക്കാക്കിയാൽ അറിയാവുന്നതേയുള്ളൂ. റവന്യൂ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ടും അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ (എ.ആർ.എം.) വർദ്ധിപ്പിച്ചുകൊണ്ടും ഇന്റേണൽ റിസോഴ്സസ് വർദ്ധിപ്പിച്ചുകൊണ്ടും ചെലവുകൾ പരമാവധി ചുരുക്കിക്കൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും മാത്രമേ കടബാധ്യത നിയന്ത്രിക്കുവാൻ സാധിക്കുകയുള്ളൂ. അതിനൊരു പരിധിയുണ്ട്. പരമാവധി ഗവൺമെന്റ് അതിനുവേണ്ടി ശ്രമിക്കുന്നതാണ്.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : ഇവിടെ അങ്ങ് മറുപടി പറഞ്ഞപ്പോൾ കടം വാങ്ങിച്ച സ്ഥാപനങ്ങളുടെയും നബാർഡ് പോലുള്ള സ്ഥാപനങ്ങളുടെയും കാര്യംപറഞ്ഞു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും സർക്കാർ കടമല്ലാതെ ഡെപ്പോസിറ്റായിട്ട് തുക വാങ്ങിയിട്ടുണ്ട്. അതിന് മറ്റ് ഏജൻസികളിൽനിന്നും കടംവാങ്ങിയാൽ കൊടുക്കുന്നതുപോലെയുള്ള കൂടുതൽ പലിശ- അതായത് മറ്റുള്ള സ്ഥാപനങ്ങൾക്ക് 12% പലിശയാണെങ്കിൽ സഹകരണ ബാങ്കിന് 15% പലിശ കൂടുതലായിട്ട് കൊടുത്തിട്ടാണ് ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുള്ളത്. അതും ഒരു കടം എടുക്കലല്ലേ? അതുകൊണ്ട് പൊതുകടത്തിന്റെ കൂട്ടത്തിൽ അതും പെടുകയില്ലേ; അതേക്കുറിച്ച് ഗവൺമെന്റ് ഇവിടെ പറയണം. അതുപോലെതന്നെ കേരളത്തിലെ ആളോഹരി കടബാധ്യത, കേരളത്തിലെ ആളോഹരി കടബാധ്യത എത്രയാണെന്നു പറയാൻ കഴിയുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഇവിടെ ആളോഹരി കടം എത്രയാണെന്ന് ചോദിച്ചു. 1991-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ എത്രയാണെന്ന് പറയുന്നുണ്ട്. ആ കടത്തിനെ ജനസംഖ്യകൊണ്ട് ഹരിച്ചാൽ ആളോഹരി കടം എത്രയാണെന്ന് കിട്ടും. അത് സൗകര്യംപോലെ ചെയ്താൽ മതി. അതിപ്പോൾ എത്രയാണെന്ന് ഞാൻ കണക്കാക്കിയിട്ടില്ല. I have not done

LIBRARY ARCHIVES Kerala Legislative Assembly

that home work. ഇവിടെ സ്റ്റേറ്റിന്റെ ആകെ കടം എത്രയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിനെ ഇവിടത്തെ ജനസംഖ്യകൊണ്ട് ഹരിച്ചാൽ ആളോഹരി കടം എത്രയാണെന്ന് കിട്ടും. 1991-ലെ സെൻസസിലുണ്ട് ജനസംഖ്യയുടെ കണക്ക്. കടമുള്ള എമൗണ്ടിനെ ജനസംഖ്യകൊണ്ട് ഹരിച്ചാൽ എത്രയാണെന്ന് അതിന്റെ കണക്ക് ഇമ്മീഡിയറ്റായിട്ട് കിട്ടും. ഇപ്പോൾ കാൽക്കുലേറ്റർ ഉള്ള കാലമാണ്, എന്തായാലും ഞാൻ അത് എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.. (ബഹളം).. ഇത് കണക്കാക്കി വരാത്തത് പിശകാണ്. അതൊക്കെ എത്രയാണെന്ന് കണക്കാക്കി വരേണ്ടതായിരുന്നു. ഒക്കെ റെഡിയായിട്ട് വരണം. ഒരു കംപ്യൂട്ടർ പോലെ വരേണ്ടതാണ്. പക്ഷേ സാധിച്ചില്ല, പരിമിതികളുണ്ട്. ഏതായാലും ചോദിച്ചത് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയെക്കുറിച്ചാണ്. അത് ഡെപ്പോസിറ്റ്സ് ആണ്. ഇവിടെ ചോദിച്ച മെയിൻ ചോദ്യം അതാണ്. അത് ഡെപ്പോസിറ്റ്സ് ആണ്. അത് എത്രയാണെന്നാണ് ചോദ്യം. .....

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നല്ല, ട്രഷറി ഡെപ്പോസിറ്റ്സ് മുഴുവൻ നമ്മൾ നമ്മുടെ ധനമായിട്ട് വിചാരിക്കുകയില്ല. അത് കടമായിട്ട് കണക്കാക്കും..... Because it has to be returned. ഡെപ്പോസിറ്റ്സ് വിത്ഡ്രാ ചെയ്താൽ അത് പോകും. അതുകൊണ്ട് ഡെപ്പോസിറ്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് മാത്രമല്ല എല്ലാ ബാങ്കിംഗ് റെഗുലേഷൻസും പാലിച്ചുകൊണ്ട് ഗവൺമെന്റിന്റെ തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ട്രഷറിയിലുണ്ട്. ആ ട്രഷറിയിൽ ഈ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡെപ്പോസിറ്റ്സും ഉണ്ട്. പലരുടെയും ഡെപ്പോസിറ്റ്സ് ഉണ്ട്. അത് മുഴുവൻ എത്രയാണെന്ന് ഇപ്പോൾ ടോട്ടലായിട്ട് കണക്കാക്കിയിട്ട് പറഞ്ഞാൽ ഡെപ്പോസിറ്റേഴ്സ് എപ്പോഴും നമുക്ക് ഒരു ലയബിലിറ്റിയാണ്. ഇന്ററസ്റ്റ് കൊടുക്കാതെ ഡെപ്പോസിറ്റ്സ് കിട്ടുകയില്ല. വെയ്സ് ആന്റ് മീൻസിന്റെ ഡെപ്പോസിറ്റ് കൊണ്ടുവന്നാൽ സ്വീകരിക്കുകയില്ല എന്നുപറയാൻ പറ്റുകയില്ല. അത് മാത്രമല്ല ഇന്ററസ്റ്റ് റേറ്റ് ഒക്കെ നിയമാനുസൃതമായിട്ടുള്ളതു മാത്രമേ കൊടുത്തിട്ടുള്ളൂ. ഈ രാജ്യത്തിൽ ഇന്ററസ്റ്റ് റേറ്റ് എത്രയെന്നുണ്ട്. ആ നിയമാനുസൃതമായ ഇന്ററസ്റ്റ് അല്ലാതെ ഒരു പൈസ പോലും അധികമായി ഇന്ററസ്റ്റ് ഇനത്തിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുത്തിട്ടില്ല.

മി. സ്പീക്കർ : ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ചോദ്യം ചോദിക്കുന്നത് 'ഉണ്ടോ' ഉണ്ടെങ്കിൽ ഉണ്ട്, അല്ലെങ്കിൽ 'ഇല്ല', ഇങ്ങനെയുള്ള രൂപത്തിലായിരിക്കണം. ഈ രീതിയിലാണ് മുൻപ് ഈ സഭയിൽ ചോദ്യം ചോദിച്ചുകൊണ്ടിരുന്നത്. ആ രീതിയിൽ ചോദ്യം ചോദിച്ചാൽ ചോദ്യവും നന്നാകും, ചോദ്യം സ്പെസിഫിക്ക് ആയിരിക്കണം. അങ്ങനെയായിരുന്നാൽ ചോദ്യവും നന്നാകും, ഉത്തരവും നന്നാകും. ഇവിടെയിപ്പോൾ ചോദ്യം ചോദിക്കുന്നത് തന്നെ ഒരു വ്യക്തതയില്ലാതെയാണ്. അതുകൊണ്ട് മറുപടിയും അങ്ങനെ ആ രൂപത്തിൽ കിട്ടിയെന്ന് വരും. അങ്ങനെ ഒരിക്കലും വരാൻ പാടില്ല. 'ഉണ്ടോ' ഉണ്ട്. അല്ലെങ്കിൽ 'ഇല്ല' ഇങ്ങനെ ആയിരിക്കണം. 'ഉണ്ടോ'? ഉണ്ട്. അല്ലെങ്കിൽ 'ഇല്ല' ഇങ്ങനെ ആയിരിക്കണം ചോദ്യവും ഉത്തരവും.

ശ്രീ. ഇസ്ഹാക് കുരിക്കൾ : അങ്ങയുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുകയാണ്. ഉണ്ടോ, എന്നുമാത്രം ചോദിച്ചാൽ പറ്റില്ല. ഉണ്ടെങ്കിൽ എത്ര എന്നുകൂടി ചോദിക്കുവാൻ അങ്ങ് അനുവാദം നല്കണം.

മി. സ്പീക്കർ : വിശദീകരണം പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഉണ്ടെങ്കിൽ എത്ര എന്ന് ചോദിക്കുവാൻ അനുവാദം വേണം.

മി. സ്പീക്കർ : ശരി, ഉണ്ടെങ്കിൽ എത്ര.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഈ ഗവൺമെന്റ് കൊടുക്കുവാനുള്ള കടബാധ്യത സംഖ്യ അങ്ങ് ഇവിടെ പറഞ്ഞു. ഒരുവർഷത്തിൽ ഈ കടങ്ങൾക്ക് എൽ.ഐ.സി., റിസർവ് ബാങ്ക്, ജി.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ പലിശ കൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ശ്രീ. ടി. ശിവദാസമേനോൻ : ഉണ്ട്. എത്രയാണെന്ന് കണക്കാക്കിയിട്ടില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഞാൻ ചോദിച്ചത് വളരെ റിലവന്റ് ക്വസ്റ്റ്യനാണ്. ഇല്ല എന്ന് അങ്ങ് പറഞ്ഞു. പക്ഷെ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അറിയേണ്ട ബാധ്യതയുണ്ട്. ഇന്ററസ്റ്റ് ഇനത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ പണം എത്ര കൊടുക്കുന്നുണ്ട് എന്ന് അറിയുവാൻ ആഗ്രഹമുണ്ടായിരുന്നു. എന്റെ രണ്ടാമത്തെ ക്വസ്റ്റ്യൻ, ഇനി സർക്കാർ കടം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജനങ്ങൾക്ക് ബോണ്ടുകൾ നല്കി പണം കടം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. ശിവദാസമേനോൻ : ഉണ്ട്. ആവശ്യാനുസരണം എടുക്കും.

ശ്രീ. കെ.പി.എ. മജീദ് : ഭയാനകമായ രീതിയിൽ വളർന്നുവരുന്ന കടബാധ്യതയെ സംബന്ധിച്ച്, അതു കുറച്ചു കൊണ്ടുവരാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്; അത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; അത് വിശദമാക്കാമോ?

ശ്രീ. ടി. ശിവദാസമേനോൻ : ചെലവുചുരുക്കൽ പദ്ധതി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം ചെലവു ചുരുക്കിക്കൊണ്ടുവരാൻ പരമാവധി ശ്രമിക്കുന്നതാണ്.

ശ്രീ. കെ.പി.എ. മജീദ് : ആ ഉത്തരവിനുശേഷം പ്രോഗ്രസ് ഉണ്ടായിട്ടുണ്ടോ; തന്മൂലം എത്ര തുക ചെലവ് ചുരുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ചെലവ് ചുരുക്കൽ നടപടി (ഇക്കോണമി ഓർഡേഴ്സ്) കൊണ്ടുവന്നതിനുശേഷം എത്ര ചുരുങ്ങിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; മോണിറ്റർ ചെയ്തിട്ടുണ്ടോ എന്നാണ് ചോദിച്ചത്. മോണിറ്റർ ചെയ്തിട്ടുണ്ട്. ചെലവ് ചുരുക്കിയില്ലായിരുന്നുവെങ്കിൽ ഇതിലും വലിയ കടം വന്നേനെ.

ശ്രീ. എൻ. അനിരുദ്ധൻ : ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടബാധ്യത എത്രയായിരുന്നു; സർക്കാർ അധികാരത്തിൽവന്നതിനുശഷം കടബാധ്യത കുറച്ചുകൊണ്ടുവരാൻവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കടം 10,668.95 കോടി രൂപയായിരുന്നു. ഇപ്പോൾ 14,000 കോടി രൂപയായി. കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. 1998 മാർച്ച് 31-ലെ കണക്കാണ്. 1999-ലെ മുഴുവൻ കണക്കും വരുന്നതേയുള്ളൂ. കറക്ടായിട്ട് പറയണമെങ്കിൽ എ.ജി.യുടെ കണക്ക് വരണം. ഇപ്പോൾ താൽക്കാലികമായി പറ

LIBRARY ARCHIVES Kerala Legislative Assembly

യുന്നു. സഭയിൽനിന്നും ഒന്നും മറച്ചുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സഭയിൽ പറയുന്നത് ആതന്റിക് കണക്ക് ആകണം എന്നുള്ളതുകൊണ്ട് എ.ജി.യുടെ കണക്ക് കിട്ടിയതിനുശേഷമേ ഫൈനലൈസ് ചെയ്യൂ. ഇപ്പോൾ താല്ക്കാലിക കണക്കാണ് ഞാൻ പറഞ്ഞത്, 17036 കോടിയാണ്.

ശ്രീ. കെ.എം. മാണി : ഈ ചോദ്യം, 1999 മാർച്ച് 31-ന് എത്ര കോടി രൂപയായിരുന്നു കടം എന്നാണ്. അതിനു 1998 മാർച്ചിലെ കണക്കാണ് പറഞ്ഞത്. ഇപ്പോൾ 17,000 കോടി എന്ന് സമ്മതിച്ചിട്ടുണ്ട്. 2000 ആണ്ടിൽ എത്ര കോടി എന്ന ഉപചോദ്യത്തിനു കണക്കുകൂട്ടി ഇപ്പോൾ പറയുവാൻ പറ്റില്ല. 1999-2000 ആണ്ടിലെ ബഡ്ജറ്റ് ഫിഗേഴ്സിൽ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്, പെർ ക്യാപിറ്റാ എത്ര കടം വരുമെന്ന് കണക്ക് കൂട്ടാൻ പറ്റില്ല. അങ്ങനെയൊന്നും മന്ത്രിമാർ ഉത്തരം പറയുവാൻ പാടില്ല. ഈ നിയമസഭയിൽ സർക്കുലേറ്റ് ചെയ്ത ബഡ്ജറ്റ് ഇൻ ബ്രീഫിനകത്ത് 1999-2000 ആണ്ടിലെ പെർ ക്യാപ്പിറ്റാ കടവും 1999-2000 ആണ്ടിലെ കടവും പറഞ്ഞിരിക്കേ, അത് ഇപ്പോൾ പറയുവാൻ പറ്റില്ല, ഗുണിച്ചോ എന്നൊക്കെ പറയുന്നത്, ഹോംവർക്ക് ചെയ്തിട്ട് ഉത്തരം പറയുവാൻ വരണം. 1999-2000 ആണ്ടിൽ 1,400 കോടി രൂപ നമ്മൾ കടം വാങ്ങുമ്പോൾ ഇന്ററസ്റ്റ് 1,642 കോടിരൂപ കൊടുത്തുതീർക്കുവാൻ ഇല്ലേ; അങ്ങനെയാണെങ്കിൽ നമ്മൾ ഡെത്ത് ട്രാപ്പിൽ അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : കടം വാങ്ങിയാൽ ഇന്ററസ്റ്റ് കൊടുക്കേണ്ടിവരും. ഫൈനാൻസ് അക്കൗണ്ട്സ് 1997-98, അതിൽ പറയുന്നുണ്ട്. കടം വാങ്ങിയാൽ ഇന്ററസ്റ്റ് കൊടുക്കണം. ഇപ്പോൾ കടക്കെണിയിലല്ല.

ശ്രീ. പി. രാജു : സർ, നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റിന്റെ കടത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഗവൺമെന്റിന് കിട്ടാനുള്ള പണത്തെക്കുറിച്ച് എന്തെങ്കിലും കണക്കുണ്ടോ? കഴിഞ്ഞ നാലഞ്ചു കൊല്ലമായി സെയിൽസ് ടാക്സ് ഇനത്തിൽ പ്രതിവർഷം നമ്മുടെ കുടിശ്ശിക വർദ്ധിച്ചുവരുകയാണ്. ഇത് ഈടാക്കുന്നതിനുള്ള നടപടിക്രമം എവിടെവരെയായി? അങ്ങനെ ഈടാക്കുകയാണെങ്കിൽ നമ്മുടെ കടത്തിന് ഒരു പങ്കു മാറ്റിവയ്ക്കാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, സെയിൽസ് ടാക്സ് ഇനത്തിൽ കുടിശ്ശിക കൂടിവരുന്നുണ്ട്. അതിൽ ചിലത് കോർട്ട് സ്റ്റേയിലാണ്. കോർട്ട് സ്റ്റേയാണ് സിംഹഭാഗവും. കോർട്ട് സ്റ്റേ വേഗം ഡിസ്പോസ് ചെയ്യാൻ വേണ്ടി ഒരു പ്രത്യേക ബെഞ്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത്, ആ കേസുകൾ വേഗം ഡിസ്പോസ് ചെയ്യാൻ ചീഫ് ജസ്റ്റീസിനോട് ഞാൻ നേരിട്ട് അപേക്ഷിച്ചിട്ടുണ്ട്. സ്പെഷ്യൽ ബെഞ്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് സെയിൽസ് ടാക്സ് അരിയേഴ്സ് പരമാവധി വേഗം നിർണ്ണയിച്ചു തരാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി : സർ, ട്രഷറി സേവിംഗ്സ് അക്കൗണ്ടിന് ആറു ശതമാനം പലിശയാണെന്നും സഹകരണബാങ്കിൽ നിന്നും ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന 322 കോടി രൂപ 15 ശതമാനം ഇന്ററസ്റ്റ് കൊടുക്കുന്നു എന്നും ഞാൻ പറഞ്ഞാൽ അങ്ങു നിഷേധിക്കുമോ; നിഷേധിക്കുന്നില്ല എങ്കിൽ അങ്ങു പറഞ്ഞതുപോലെ ഇങ്ങോട്ടു കൊണ്ടിട്ട ഡെപ്പോസിറ്റിനു ആറു ശതമാനം ഇന്ററസ്റ്റിനു പകരം 15 ശതമാനം ഇന്ററസ്റ്റ് കൊടുക്കാനുള്ളത് ഏത് സാഹചര്യത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, അതത്ര അപകടമുള്ളതല്ല. കോ-ഓപ്പറേറ്റീവ് ബാങ്ക് ഡെപ്പോസിറ്റ് ചെയ്താൽ, ആ ഡെപ്പോസിറ്റിന് 15 ശതമാനം പലിശ കൊടുക്കുന്നില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, കടബാധ്യത പറഞ്ഞ കൂട്ടത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സമ്പാദ്യ പദ്ധതിയുടെ സംഖ്യ ഇവിടെ പറഞ്ഞതിൽ, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇനത്തിൽ കൊടുക്കാനുള്ള സംഖ്യ 1996-97 വർഷത്തിലെ കുടിശ്ശികയായിട്ട് കിടക്കുകയാണ്. അതിൽ 1996-97-ൽ സമാഹരിച്ചതിന്റെ 20 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള ഗ്രാന്റ് ഇപ്പോഴും കുടിശ്ശികയായി കിടക്കുകയാണ്. അതു കൊടുക്കാനുള്ള നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഏറ്റവും നല്ല, റിക്കാർഡ് കളക്ഷനാണ് ഇത്തവണ ദേശീയ സമ്പാദ്യപദ്ധതിയിൽ ഉണ്ടായിട്ടുള്ളത്. ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏറ്റവും അട്രാക്റ്റീവായിട്ടുള്ള സംഗതി 'ഇന്ദിരാ വികാസ് പത്ര'യാണ്. ആ സംഗതി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നിർത്തിവച്ചിരിക്കുകയാണ്. അതിൽ ഇന്ദിര എന്നുള്ള പേരുള്ളതുകൊണ്ടാണോ എന്നെനിക്കറിയില്ല. ഈ പദ്ധതി നിർത്തിവയ്ക്കരുത്, അതു പുനഃസ്ഥാപിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്തെഴുതിയിട്ടുണ്ട്. ലോക്കൽ അതോറിറ്റീസിന് കൊടുക്കാനുള്ള കുടിശ്ശിക കുറെ കൊടുത്തു, ബാക്കിയുള്ളത് ഉടൻ കൊടുക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സഹകരണബാങ്കുകളിൽ നിന്ന് ട്രഷറിയിൽ ഡെപ്പോസിറ്റു ചെയ്യുന്ന പണത്തിന് 15 ശതമാനം ഇന്ററസ്റ്റ് ലഭിക്കുന്നു എന്നു സഭയിൽ തന്നെ സഹകരണവകുപ്പുമന്ത്രി ഉത്തരമായി എഴുതി തന്നിരിക്കെ അങ്ങനെ നൽകുന്നില്ല എന്നു അങ്ങു പറയുന്നു. ഇതിൽ ഏതാണ് ശരിയെന്നു വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, എന്റെ കയ്യിലുള്ള രേഖ വച്ച് 14 ശതമാനമാണ്. 15 ശതമാനമാണെന്ന് എന്റെ കയ്യിൽ രേഖയില്ല. 14 ശതമാനമാണ്. അതു നിയമാനുസൃതമാണ്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, സംസ്ഥാന ഗവൺമെന്റിന് ഏറ്റവും കൂടുതലായി വരുമാനമുണ്ടാക്കുന്ന സെയിൽസ് ടാക്സ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ, രജിസ്ട്രേഷൻ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വരുമാനം പ്രകടമായി കുറവുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു ഡിപ്പാർട്ടുമെന്റിന്റെയാണ്? അതിന്റെ കാരണം വിശദമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, മോട്ടോർ വാഹനത്തിൽ നിന്നു കിട്ടുന്ന സെയിൽസ് ടാക്സ് വളരെയധികം കുറഞ്ഞിട്ടുണ്ട്. കാരണം, കമേഴ്സ്യൽ വെഹിക്കിൾസ് ഉൾപ്പെടെ, കാറിന്റെയൊക്കെ പ്രൊഡക്ഷൻ കഴിഞ്ഞ രണ്ടു കൊല്ലമായി മുന്നിലൊന്നേ ഉള്ളൂ. ഉൽപ്പാദനം തന്നെ മുന്നിലൊന്ന് ആകുമ്പോൾ വാങ്ങിക്കുന്നത് എത്ര, അതിന്റെ സെയിൽസ് ടാക്സേ ഉണ്ടാകൂ. അതിന്റെ രജിസ്ട്രേഷൻ ഫീസൊന്നും കിട്ടുകയില്ല. രജിസ്ട്രേഷനില്ല. അതുപോലെ റിയൽ എസ്റ്റേറ്റ്, ഭൂമി വാങ്ങലും കൊടുക്കലും, രജിസ്ട്രേഷൻ പണ്ടത്തെപ്പോലെ ദ്രുതഗതിയിൽ നടക്കുന്നില്ല. രജിസ്ട്രേഷൻ ഫീയും കമ്മിയാണ്. സ്റ്റാമ്പ് ഡ്യൂട്ടി കമ്മിയാണ്. അതുപോലെ കൺസ്ട്രക്ഷൻ മേഖലയിൽ, പതി

LIBRARY ARCHIVES Kerala Legislative Assembly

നായിരക്കണക്കിന് തൊഴിലാളികൾ ഇപ്പോൾ വിഷമത്തിലാകാൻ പോകുകയാണ്. കൺസ്ട്രക്ഷൻ മേഖലയിലുള്ള മെറ്റീരിയൽസ്, അതാണ് ഇന്ന് സെയിൽസ് ടാക്സ് ഇനത്തിൽ lump ആയിട്ടു കൊണ്ടുവരുന്നത്. അതും slide ചെയ്തിരിക്കുകയാണ്. റബ്ബറിന്റെ വിലയിലും കുറവാണ്. കേരളത്തിന്റെ വരുമാനത്തെ കേരളാ ഇക്കോണമിയെ വളരെ വളരെ അപകടകരമായ രീതിയിൽ ഇതൊക്കെ ബാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് വളരെ വലിയൊരു പ്രതിസന്ധിയിലൂടെയാണ് ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ.സി. ജോസഫ് : സർ, സംസ്ഥാനത്തിന്റെ കടമെന്നു ഞങ്ങളും ഡെപ്പോസിറ്റ് എന്ന് അങ്ങും പറയുന്ന സംസ്ഥാന സഹകരണബാങ്കിന്റെ 322 കോടി രൂപയുടെ നിക്ഷേപത്തിന്, കമ്പൽസറി ഡെപ്പോസിറ്റല്ല, അത് വോളന്ററി ഡെപ്പോസിറ്റാണെങ്കിൽ സേവിംഗ്സിന്റെ ആറു ശതമാനം എന്നത് വർദ്ധിപ്പിച്ച് 14 ശതമാനം കൊടുക്കാനുള്ള കാരണമെന്തെന്നു വെളിപ്പെടുത്താമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, സഹകരണസംഘങ്ങളിൽ നിന്നും കടമല്ല വാങ്ങുന്നത്. ഡെപ്പോസിറ്റാണ്. കടമെന്നു വിളിക്കാൻ ശ്രീ. കെ.സി. ജോസഫിന് ആഗ്രഹമുണ്ടെങ്കിൽ അങ്ങ് വിളിച്ചോളൂ. പക്ഷെ യഥാർത്ഥത്തിൽ അതു ഡെപ്പോസിറ്റാണ്. സഭയിൽ സത്യമല്ലേ പറയാൻ പറ്റൂ. അതിനെ കടമെന്നു വിളിക്കുന്നതിലാണ് ആഹ്ലാദമെങ്കിൽ അതല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷെ ഡെപ്പോസിറ്റാണ്. ആ ഡെപ്പോസിറ്റ് കമ്പൽസറിയാണോ, വോളന്ററിയാണോ എന്നാണ് ചോദ്യം. ഒരു കാരണവശാലും ഒരു ബാങ്കിന്റെയും ഡെപ്പോസിറ്റ് കമ്പൽസറിയായി വാങ്ങിക്കാൻ ഈ രാജ്യത്ത് നിയമമില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 529.

3 (*529) കാർഷിക വ്യവസായ കോർപ്പറേഷൻ

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു കാർഷിക വ്യവസായ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ഈ കോർപ്പറേഷൻ എന്നത്തേക്ക് രൂപീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) സംസ്ഥാനത്ത് ഒരു കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നോഡൽ ഓഫീസറായി കൃഷിവകുപ്പു ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly